## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3275 — 24.06.2013 ൽ മറുപടിയ്ക്ക്

### ഇന്റഗ്രേറ്റഡ് റിവർ ബേസിൻ മാനേജ്മെന്റ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ലൂഡി ലൂയിസ് | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പരിസ്ഥിതി വകുപ്പ് ഇന്റഗ്രേറ്റഡ് റിവർ ബേസിൻ മാനേജ്മെന്റ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) പരിസ്ഥിതി വകുപ്പ് ഇന്റഗ്രേറ്റഡ് റിവർ ബേസിൻ മാനേജ്മെന്റ് പദ്ധതിക്ക് രൂപം നൽകിയിട്ടില്ല. എന്നാൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സാമ്പത്തിക സഹായത്തോടെ പമ്പ നദിയ്ക്കു വേണ്ടി ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സസ് മാനേജ്മെന്റ് (IWRM) സംബന്ധിച്ച് CWRDM പഠനം നടത്തി വരുന്നുണ്ട്. കൂടാതെ ജലവിഭവ വകുപ്പിന്റെ നിർദ്ദേശ പ്രകാരം ചാലിയാർ നദിയ്ക്ക് ഇന്റഗ്രേറ്റഡ് റിവർ ബേസിൻ മാസ്റ്റർ പ്ലാനും തയ്യാറാക്കി വരുന്നുണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) CWRDM, പമ്പ നദിയ്ക്കു വേണ്ടി നടത്തുന്ന ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സ് മാനേജ്മെന്റിന്റെ (IWRM) ന്റെ പ്രധാന ലക്ഷ്യം ജലവും പരിസ്ഥിതിയും സംബന്ധിച്ച് ഇപ്പോൾ നിലനില്ക്കുന്ന പ്രശ്നങ്ങൾക്ക് ജനപങ്കാളിത്തത്തോടെ സ്ഥായിയായ പരിഹാരം കാണുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നതാണ്. |

| | | |
|---|---|---|
| (സി) | നദികളെ പുനരുദ്ധരിക്കുന്നതിനും അവയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും എന്തെല്ലാം പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) യും (ഡി) യും<br>1. എല്ലാ നദികളുടെയും ജലഗുണനിലവാരത്തെപ്പറ്റിയുള്ള ഡാറ്റാബേസ് തയ്യാറാക്കുന്നുണ്ട്.<br>2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അറവുശാലകൾ-കമ്പോളങ്ങൾ എന്നിവയ്ക്ക് മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ നിർബ്ബന്ധമാക്കുന്നുണ്ട്.<br>3. നദികളിലെ മലിനീകരണത്തിന്റെ തോത് മലിനീകരണ നിയന്ത്രണ ബോർഡും, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതിയും എല്ലാ വർഷവും കണക്കാക്കുന്നുണ്ട്.<br>4. നദീ മലിനീകരണങ്ങളിൽ കക്കൂസ് മാലിന്യത്തിന് പ്രധാന സ്ഥാനമുണ്ട്. ഇതു തടയാൻ എല്ലാ ജില്ലകളിലും സ്വീവേജ്, സെപ്റ്റേജ് മാലിന്യ സംസ്ക്കരണ പദ്ധതികൾ നടപ്പാക്കുന്നതാണ്. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ